# പതിമൂന്നാം കേരള നിയമസഭ

## ആറാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ. 1700 14.12.2012 ലെ മറുപടിക്ക്

## ഗ്രാമപഞ്ചായത്തുകളിൽ അധിക തസ്തിക സൃഷ്ടിക്കുവാൻ നടപടി

| ചോദ്യം | | ഉത്തരം |
|---|---|---|
| ശ്രീ. സി. കൃഷ്ണൻ : | | ഡോ. എം. കെ. മുനീർ<br>(പഞ്ചായത്തും സാമൂഹ്യക്ഷേമവും വകുപ്പ് മന്ത്രി ) |
| (എ) ഗ്രാമപഞ്ചായത്തുകളിൽ പുതുതായി തസ്തികകൾ സൃഷ്ടിക്കുവാൻ നടപടികൾ സ്വീകരിച്ചിട്ടുണ്ടോ; വിശദമാക്കുമോ;<br><br>(ബി) ഇല്ലെങ്കിൽ അധിക തസ്തികകൾ സൃഷ്ടിക്കുന്നതിനുളള നടപടി സ്വീകരിക്കുമോ? | (എ) യും (ബി) യും | ഗ്രാമ പഞ്ചായത്തുകളിലെ സ്റ്റാഫ് പാറ്റേൺ പരിഷ്കരിക്കുന്നതിനായി സർക്കാർ നിയോഗിച്ച രണ്ടംഗ സമിതി റിപ്പോർട്ട് സമർപ്പിച്ചിട്ടുണ്ട്. പ്രസ്തുത റിപ്പോർട്ട് വിശദമായി പരിശോധിച്ച് ശുപാർശകൾ സമർപ്പിക്കുന്നതിനായി തദ്ദേശ സ്വയംഭരണ വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറി, ധനകാര്യ വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറി, ധനകാര്യ എക്സ്പെൻഡിച്ചർ സെക്രട്ടറി, തദ്ദേശ സ്വയംഭരണ വകുപ്പ് സെക്രട്ടറി, പഞ്ചായത്ത് ഡയറക്ടർ, സ്റ്റേറ്റ് പെർഫോർമൻസ് ഓഡിറ്റ് ഓഫീസർ എന്നിവർ ഉൾപ്പെട്ട ആറംഗ സമിതിയെ നിയോഗിച്ചിരുന്നു. ശുപാർശകൾ ഇപ്പോൾ ധനകാര്യ വകുപ്പിന്റെ പരിശോധനയിലാണ്. അനന്തര നടപടികൾ വേഗത്തിലാക്കുന്നതാണ്. |

സെക്ഷൻ ഓഫീസർ